**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4175** **28-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.റ്റി. സംബന്ധിച്ച കേന്ദ്ര സർക്കാർ നയങ്ങൾ കാരണം നികുതി വരുമാനത്തിൽ വന്ന കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.റ്റി. ആരംഭിയ്ക്കുന്നതിന് മുമ്പുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനവും ഇപ്പോഴത്തെ നികുതിവരുമാനവും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | നികുതി വരുമാനത്തിൽ വലിയ അന്തരം വന്നിട്ടുള്ള സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനം, കേന്ദ്ര സർക്കാരിനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ 2022 ജൂൺ വരെയാണ് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാകുന്നത്. രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. 2021 സെപ്റ്റംബറിൽ കൂടിയ 45-ാംമത് ജി.എസ്.ടി കൗൺസിൽ യോഗം, 2022 ജൂലൈക്കു ശേഷം ജി.എസ്.ടി നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആവശ്യമായ രീതിയിൽ ജി.എസ്.ടി നിയമം പുന:സംഘടിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM(Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തിനു ശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ